**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1165** **06-02-2023 - ൽ മറുപടിയ്ക്ക്**

**അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഉൻമൂലനം ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | നവോത്ഥാന കേരളം ആർജ്ജിച്ച യുക്തിചിന്തയും ശാസ്ത്രബോധവും നവോത്ഥാനമൂല്യങ്ങളും പിന്നോട്ടടിക്കും വിധം അന്ധവിശ്വസങ്ങളും നാടുനീങ്ങിപ്പോയ അനാചാരങ്ങളും വീണ്ടും കേരളത്തിൽ ആചാരങ്ങളുടെ പേരിൽ കടന്നുവരുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഉൻമൂലനം ചെയ്യുന്നതിനായി സാംസ്കാരിക മണ്ഡലത്തിലുള്ള പ്രസ്ഥാനങ്ങളുടെയും സാംസ്കാരിക, സാഹിത്യ പ്രവർത്തകരുടെയും സഹായത്തോടെ ഒരു പദ്ധതി സ്കൂൾ തലം മുതൽ നടപ്പാക്കുന്നതിനും പൊതുമണ്ഡലത്തിൽ കൂടുതൽ ആളുകളിലേക്ക് ഇത് എത്തിക്കുന്നതിനും എന്തെങ്കിലും പരിപാടി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | മയക്കു മരുന്ന്, അനാചാരം, അന്ധവിശ്വസം തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ ഒരു മാസം നീണ്ടു നിന്ന ആശയ, പ്രചരണ, ബോധവത്ക്കരണ പരിപാടിയുടെ ഉദ്ഘാടനം 28.10.2022 ന് പാളയത്തുള്ള അയ്യങ്കാളി ഹാളിൽ വെച്ച് ബഹു. സാംസ്കാരിക വകുപ്പ മന്ത്രി നിർവ്വഹിക്കുകയുണ്ടായി. സാംസ്കാരിക വകുപ്പിന്റെ വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതിയിൽ സംസ്ഥാനത്ത് ഒട്ടാകെ നിയോഗിച്ചിട്ടുള്ള വജ്രജൂബിലി ഫെല്ലോഷിപ്പ് കലാകാരന്മാരുടെ നേതൃത്വത്തിലാണ് ആശയ പ്രചരണ ബോധവത്ക്കരണ പരിപാടി നടപ്പിലാക്കിയത്.<br><br>കൂടാതെ സമൂഹത്തിൽ നിലനിൽക്കുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഉൻമൂലനം ചെയ്യേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യത ആയതിനാലും സാമൂഹിക തിന്മകളെ പ്രതിരോധിക്കുന്നതിനുള്ള ഇത്തരം മനോഭാവം രൂപപ്പെടേണ്ടത് ശൈശവകാലം മുതലുള്ള കുട്ടികളുടെ വിദ്യാഭ്യാസ കാലഘട്ടത്തിലായതിനാലും വരുന്ന പാഠ്യപദ്ധതി പരിഷ്കരണത്തിൽ കുട്ടികളിൽ ശാസ്ത്രബോധം വളർത്തുന്നതിനുള്ള കൂടുതൽ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ